


മത്തായി 10/1-15 Vol. 9 Issue. 23

ബ്ര. സാവിയോ കുരീക്കാട്ട്

ഈശോമിശിഹായുടെ കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും, അതു വഴി അവിടുന്ന് നമുക്ക് സാധിച്ചു തന്ന രക്ഷയും അനുസരിച്ച് അവിടുത്തെ രണ്ടാമത്തെ ആഗമനത്തിനായി പ്രത്യാശയോടെ കാത്തിരിക്കുകയും മിശിഹായുടെ മഹത്വപൂർണ്ണമായ ആഗമനത്തെ ധ്യാനിക്കുകയും ചെയ്യുന്ന ഏലിയാ-സ്ലീവാ-മൂശാക്കാലത്തിന്റെ പത്താമത്തെ ആഴ്ച്ച തിരുസഭ 'മിഷൻ ഞായർ' ആയി ആചരിക്കുകയാണ്.

സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്ന അവിടുത്തെ കൽപന നാമിന്ന് ധ്യാനിക്കുകയും അതിനായി നമ്മെത്തന്നെ പുനരർപ്പിക്കുകയും ചെയ്യുന്ന പുണ്യദിനമാണിന്ന്. വിശ്വാസപോഷണത്തിനായി ധീരരക്തസാക്ഷിത്വം വരിച്ച സഭയുടെ വീരസന്താനങ്ങളെ അനുസ്മരിക്കാനുള്ള ദിവസം കൂടിയാണിത്. നമുക്ക് വിശ്വാസത്തിൽ ജന്മം തന്ന മാതാപിതാക്കളെയും, വിശ്വാസവളർച്ചക്ക് സഹായിച്ച പുരോഹിതന്മാരെയും, മതാധ്യാപകരെയും കൃതജ്ഞതയോടെ നമുക്ക് ഓർക്കാം.

തിരുസഭ ഇന്ന് നമ്മുടെ വിചിന്തനത്തിനായി നൽകുന്ന സുവിശേഷഭാഗം വി. മത്തായി 10/1-15 വരെയുള്ളതാണ്. ഈ വചനഭാഗത്തിൽ ആദ്യം നാം കാണുന്നത് ഈശോ തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരെ വിളിച്ച് അവർക്ക് അധികാരം നൽകുന്നതാണ്. അതിനു ശേഷം അവരെ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാൻ അയയ്ക്കുന്നു. മിഷൻ പ്രവർത്തനത്തിന്റെ ആത്യന്തികലക്ഷ്യം ഈ അധികാരത്തിന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒന്നാമതായി, ദൈവരാജ്യത്തിന്റെ ആദ്യരൂപമായി സഭയെ സ്ഥാപിക്കുന്നു. കൗദാശിക വരപ്രസാദത്തിലൂടെ വിശ്വാസികളെ വിശുദ്ധീകരിക്കുവാനുള്ള അധികാരമായി ഇതിനെ വ്യാഖ്യാനിക്കാം. ഈ അർത്ഥത്തിൽ മിഷൻ പ്രവർത്തനം എന്നത് തിരുസഭയുടെ വളർച്ചയ്ക്കായുള്ള പ്രവർത്തനങ്ങളാണ്.

രണ്ടാമതായി, 'സർവ്വ അധികാരവും' എന്നത് പിശാചിന്റെ മേലും അന്ധകാരശക്തികളുടെ ആധിപത്യത്തിനെതിരെയുമുള്ള അധികാരമാണ്. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ പ്രേഷിതപ്രവർത്തനം എന്നത് തിന്മയുടെ സകല പ്രവർത്തനങ്ങൾക്കെതിരെയുള്ള പോരാട്ടമാണ്.

മൂന്നാമതായി, 'സർവ്വ അധികാരവും' എന്നത് പരിശുദ്ധാത്മാവിനെ നൽകുവാനുള്ള അധികാരമാണ്. രക്ഷാകര സംഭവങ്ങളുടെ മുഴുവൻ ആത്യന്തികലക്ഷ്യമായ പരിശുദ്ധാത്മാവിനെ നൽകുന്നതിലൂടെ മനുഷ്യർ ദൈവമക്കളായി തീരുന്നു. ഈ വ്യാഖ്യാനപ്രകാരം പ്രേഷിതപ്രവർത്തനം എന്നത് പരിശുദ്ധാത്മ ദാനങ്ങളായ സ്നേഹം, ദയ, നന്മ, കരുണ തുടങ്ങിയവയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ്.

ഈശോ ശിഷ്യന്മാർക്ക് നൽകുന്ന അധികാരങ്ങളെ കുറിച്ചുള്ള ഈ വ്യാഖ്യാനങ്ങൾ പരസ്പര പൂരകങ്ങളാണ്. പരിശുദ്ധാത്മ ശക്തിയാൽ അന്ധകാരശക്തികളെ പരാജയപ്പെടു

ത്തി തിരുസഭയെ പടുത്തുയർത്തി ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ് എല്ലാ പ്രേഷിതപ്രവൃത്തിയുടെയും ആത്യന്തികലക്ഷ്യം. ഈ പ്രവർത്തനം കേവലം മാനുഷികമായൊരു കർമ്മമല്ല, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തിന്റെ പ്രവൃത്തിയാണ് എന്ന സത്യം ഈശോ എടു ത്ത് പറയുന്നു.

സകല സൃഷ്ടികളെയും സുവിശേഷം അറിയിക്കുക എന്നതാണ് ക്രിസ്തുനാഥൻ സഭയെ അന്തിമമായി ഭരമേൽപ്പിച്ച ദൗത്യം. ദൈവം തന്റെ തിരുക്കുമാരന്റെ തിരുരക്തത്താൽ സകലസൃഷ്ടികളെയും രക്ഷിച്ചു എന്നതാണ് സുവിശേഷം. ഈ സത്യത്തിന്റെ പ്രഘോഷണമാണ് സുവിശേഷവത്ക്കരണം. മൂന്നു തരത്തിലുള്ള സുവിശേഷവത്ക്കരണത്തെക്കുറിച്ച് വി. ജോൺപോൾ രണ്ടാമൻ പാപ്പ പഠിപ്പിച്ചിട്ടുണ്ട്.

1) ഇവാഞ്ചലൈസേഷൻ : ക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും കുറിച്ച് അജ്ഞരായിരിക്കുന്നവരെ സുവിശേഷം അറിയിക്കുക എന്നതാണ് ഒന്നാമത്.

2) ഓൺഗോയിംഗ് ഇവാഞ്ചലൈസേഷൻ : ക്രിസ്തുവിനെ അറിഞ്ഞ വിശ്വാസികളെ വിശ്വാസത്തിൽ ആഴപ്പെടുത്താൻ നടക്കുന്ന പരിശ്രമങ്ങളാണ് ഇവിടെ.

3) ന്യൂ ഇവാഞ്ചലൈസേഷൻ : വിശ്വാസം തണുത്തുറഞ്ഞ് പോയവരെ വിശ്വാസ തീക്ഷ്ണതയിലേയ്ക്ക് മടക്കി കൊണ്ടുവരുവാനുള്ള പരിശ്രമങ്ങളാണ് ഇവിടെ.

കേരളത്തിലിന്ന് സുവിശേഷവത്ക്കരണത്തിന്റെ കാലഘട്ടമാണ്. നൂറ്റാണ്ടിന്റെ ക്രൈസ്തവ പാരമ്പര്യം പേറുന്ന നാം പലപ്പോഴും ക്രൈസ്തവമൂല്യത്തിൽ ജീവിക്കുന്നതിൽ പരാജയപ്പെടുന്നു. സുവിശേഷ പ്രഘോഷണങ്ങളും കൂദാശകളും ക്രമവത്കൃതമായി നടക്കുമ്പോഴും ക്രൈസ്തവന്റെ മനഃസാക്ഷി മരവിച്ചുപോകുന്നു-തിന്മയിലേയ്ക്ക് കൂപ്പുകുത്തുന്നു. ക്രൈസ്തവവിശ്വാസത്തിൽ ജീവിക്കുന്ന മാതൃകകൾ ഇന്ന് സമൂഹത്തിൽ ജനിക്കേണ്ടിയിരിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസി പറയുന്നു "I always preach Gospel but seldom use words" വിശുദ്ധൻ സ്വീകരിച്ച ഈ മാതൃക നമുക്കിന്ന് പ്രചോദനമാകണം. ജീവിക്കുന്ന സുവിശേഷങ്ങളാവണം നമ്മൾ. തണുത്തുറഞ്ഞ ജീവിതങ്ങളിലേയ്ക്ക് സ്നേഹത്തിന്റെ ഊഷ്മളതയുമായി കടന്നു ചെല്ലാൻ നമുക്ക് കഴിയണം.

ആദിമക്രൈസ്തവരുടെ ജീവിതമാതൃക കണ്ട് അനേകർ ക്രിസ്തുമതം സ്വീകരിച്ചെങ്കിൽ നമ്മുടെ ജീവിതം വഴി ഒരു നവസുവിശേഷവത്ക്കരണം നടക്കട്ടെ. പരസ്പര സ്നേഹം വഴി നാം ക്രിസ്തുവിന്റെ ശിഷ്യരാണെന്ന് ലോകം തിരിച്ചറിയട്ടെ.

സുവിശേഷവത്ക്കരണം ഇന്ന് നടക്കേണ്ടത് കുടുംബങ്ങളിലാണ്. സഭയുടെ അടിസ്ഥാനഘടകം കുടുംബമാണ്. ഒരു വിശ്വാസി ജനിക്കുന്നതും വിശ്വാസത്തിൽ വളരുന്നതും കുടുംബത്തിലാണ്. ഒരു വ്യക്തിയെ, തന്റെ കുടുംബത്തിൽ നിന്ന് ലഭിച്ച വിശ്വാസത്തിന്റെ അടിത്തറയിൽ പണിതുയർത്തുന്നവാൻ മതാധ്യാപകർക്കും പുരോഹിതന്മാർക്കും സാധിക്കും. ഈ അടിസ്ഥാനം മോശമാണെങ്കിൽ അവരെ വിശ്വാസത്തിലേയ്ക്ക് വളർത്താനുള്ള പുരോഹിതന്മാരുടെ അധ്വാനം ഒരു പരിധി വരെ വ്യർത്ഥമാകും.

കുറച്ച് കാലഘട്ടങ്ങൾക്ക് മുമ്പുവരെ ഒരു ക്രൈസ്തവകുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര ഭദ്രമല്ലായിരുന്നു. കൃഷിയെ ആശ്രയിച്ച് ജീവിച്ചവരായിരുന്നു മിക്കവരും. മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് പകർന്നു നൽകിയിരുന്നത് സമ്പത്തല്ല മറിച്ച്, ഉറച്ച വിശ്വാസവും ദൈവാശ്രയവുമായിരുന്നു. കാലത്തിന്റെ മാറ്റത്തിൽ സാമ്പത്തികസ്ഥിതിയും മാറി. സാമ്പത്തികമായി ഏറെ ഭദ്രതയുള്ള അവസ്ഥ നിലവിൽ വന്നു. തങ്ങളുടെ മക്കൾക്ക് ഏറ്റവും മികച്ചത് നൽകാനായി താൽപര്യപ്പെടുന്ന മാതാപിതാക്കളെയാണ് നാമിന്ന് കാണുന്നത്. പിറക്കുവാനായി മുന്തിയ ആശുപത്രി, വളരുവാനായി ഏറ്റവം മികച്ച സാഹചര്യം, മികച്ച വിദ്യാഭ്യാസം, നല്ല ബന്ധങ്ങൾ, ഏറ്റവും നൂതനമായ ഉപകരണങ്ങൾ. എല്ലാം ഏറ്റവും മികച്ചത് നൽകുവാൻ മാതാപിതാക്കൾ തത്രപ്പെടുമ്പോൾ കുടുംബത്തിൽ നിന്ന് ലഭിക്കേണ്ട വിശ്വാസം കൊടുക്കാവാൻ അവർ പരാജയപ്പെടുന്നു. മാതാപിതാക്കൾ ഞായറാഴ്ച കുർബാനയിലും കേവലം ഒരു കൊന്ത നമസ്ക്കാരത്തിലും മാത്രമായി തങ്ങളുടെ വിശ്വാസജിവിതം ഒതുക്കുമ്പോൾ മക്കൾക്കത് വെറുമൊരു ചടങ്ങുതീർക്കൽ മാത്രമായി തീരുന്നു.

അതിനാൽ നവസുവിശേഷവത്ക്കരണം കുടുംബത്തിൽ ആരംഭിക്കട്ടെ. മാതാപിതാക്കൾ തങ്ങളുടെ വിശ്വാസജീവിതമാതൃക മക്കൾക്ക് കൈമാറട്ടെ. അങ്ങനെ ഒരു നവസുവിശേഷവത്ക്കരണം ഇന്ന് കേരളമണ്ണിൽ മുളയെടുക്കട്ടെ. ഇതിനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും

ആമേൻ.